## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T * 463** **30.06.2014 ൽ മറുപടിയ്ക്ക്**

### കബനീനദിയിലെ ജലം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എ. കെ ബാലൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. പി. റ്റി. എ. റഹീം. | | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കാവേരി ട്രിബ്യൂണൽ ഉത്തരവുപ്രകാരം കേരളത്തിന് അവകാശപ്പെട്ട ജലം വിനിയോഗിക്കാൻ സാധിക്കുന്നുണ്ടോ; കബനീ നദിയിലെ ജലത്തിനായി തമിഴ്നാട് അവകാശവാദമുന്നയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് അറിയിക്കുമോ; | (എ) | കാവേരി ട്രിബ്യൂണൽ ഉത്തരവ് പ്രകാരം കേരളത്തിന് ലഭിച്ച 30 ടി.എം.സി. ജലം മുഴുവനായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>കേരളം ഉപയോഗിക്കാത്ത കബനീ നദിയിലെ ജലത്തിനായി തമിഴ്നാട് അവകാശവാദമുന്നയിച്ചിട്ടുണ്ട്. എന്നാൽ ട്രിബ്യൂണൽ അവാർഡ് പ്രകാരം കബനീ ബേസിനിൽ അനുവദിച്ചിട്ടുള്ള മുഴുവൻ ജലവും (21 ടി.എം.സി) ഉപയോഗിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നതിനാൽ തമിഴ്നാടിന്റെ പ്രസ്തുത അവകാശവാദം അനുവദനീയമല്ലയെന്നുള്ളതാണ് ഈവിഷയത്തിലുള്ള സർക്കാർ നിലപാട്. |
| (ബി) മേൽ അവസ്ഥ കുറ്റ്യാടി പദ്ധതിയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിശോധിച്ചിരുന്നോ; വ്യക്തമാക്കുമോ; | (ബി) | പരിശോധിച്ചിരുന്നു. കുറ്റ്യാടി പദ്ധതിയെ പ്രതികൂലമായി ബാധിക്കുകയില്ല. കാവേരി ട്രൈബ്യൂണലിന്റെ അന്തിമ അവാർഡിലെ clause (xviii) പ്രകാരം കേരളത്തിന് അനുവദിച്ച ജലത്തിൽ നിന്ന് കുറ്റ്യാടി പദ്ധതിയ്ക്ക് |

ജലം ഉപയോഗിക്കാവുന്നതാണ്. കേരള സംസ്ഥാന വൈദ്യുതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ബാണാസുരസാഗർ പദ്ധതിയുടെ ഡാമിന്റെയും ടണലിന്റെയും പണികൾ പൂർത്തീകരിക്കുകയും 5 ടി.എം.സി. ജലം കുറ്റ്യാടി ബേസിനിലേക്ക് തിരിച്ചുവിടുകയും ചെയ്യുന്നുണ്ട്. കൂടാതെ ഈ പദ്ധതിയിൽ നിന്നും കബനി ബേസിനിലെ ജലസേചനാവശ്യത്തിനായി 1.7 ടി.എം.സി. ജലം ഉപയോഗിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഭാഗികമായി പൂർത്തീകരിച്ചു. കൂടാതെ കുറ്റ്യാടി പദ്ധതിയ്ക്ക് വേണ്ടി 5 ടി.എം.സി. ജലം ലഭ്യമാക്കണമെന്ന് കേരളം സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനിൽ ആവശ്യപ്പെട്ടിട്ടുമുണ്ട്.

(സി) കുടിവെള്ളത്തിന് വലിയ ബുദ്ധിമുട്ട് നേരിടുന്ന വയനാട് ജില്ലയിൽ കബനീ നദിയിലെ ജലം ഫലപ്രദമായി വിനിയോഗിക്കാനുള്ള പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതികൾ നടപ്പാക്കുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. കാരാപ്പുഴ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. ബാണാസുരസാഗർ പദ്ധതി പൂർത്തീകരിക്കാനുള്ള പ്രവർത്തികൾ നടന്നു വരുന്നു. മറ്റ് 9 പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള പര്യവേഷണ പ്രവർത്തികൾ നടന്നു വരുന്നു.

(ഡി) സുപ്രീംകോടതിയിൽ കബനീ-നദീജലത്തിനായി തമിഴ്നാട് നൽകിയ കേസിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഡി) ഇക്കാര്യത്തിൽ കേരളം സ്വീകരിക്കേണ്ട നിലപാട് കേസിന്റെ വാദം നടക്കുന്ന സമയത്ത് മാത്രമേ അവതരിപ്പിക്കാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ